**Weekly Devotion - November 2018**

# clay in the hand of the "Potter"

**(<u>കളിമണ്ണ് കുശവന്റെ കയ്യിൽ</u>)**




സുവിശേഷം മരണത്തിൽ നിന്ന് ജീവങ്കലേക്കുള്ള സന്ദേശമാണ്. സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷമാകുന്ന രക്ഷയുടെ സുവിശേഷം ആദ്യം ദൂതൻ അറിയിച്ചത് ലൂക്കോ:2:11 ൽ കാണുന്നു. രക്ഷിതാവിന്റെ ജനനമാണ് ആദ്യ സുവിശേഷം എങ്കിൽ അവൻ ന്യായാധിപതിയായി വരുമ്പോൾ രക്ഷപെട്ടവരായി കാണുന്നവരെപ്പറ്റിയുള്ള നിത്യ സുവിശേഷമാണ് രക്ഷയുടെ അവസാന ദൂത്. Read വെളി :(14:6). അഭിമാനത്തോടെ ക്രിസ്ത്യാനി എന്ന് പറയുന്നവൻ സ്വയം രക്ഷയുടെ അനുഭവത്തിലാകുവാനോ, മറ്റുള്ളവരെ രക്ഷപ്പെടുത്തുവാനോ ശ്രമിക്കാറുണ്ടോ?, ശ്രമിക്കുന്നവർ വിരളമാണ്.

ഒരിക്കൽ കൊല്ലം റയിൽവേസ്റ്റേഷനിൽ നിന്നും ഒരു കിലോമീറ്റർ കിഴക്ക് ട്രാക്ക് പരിശോധിച്ച ജോലിക്കാരൻ മുന്നിഞ്ച് നീളത്തിൽ റയിൽപാളം അകന്നതായി കണ്ടു. വഞ്ചിനാട് എക്സ്പ്രസ്സ് വടക്കുനിന്നും വരുവാൻ സമയമായി എന്ന് മനസ്സിലാക്കിയ അദ്ദേഹം വേഗത്തിൽ ചുവന്ന കൊടിയുമായി ഓടിത്തുടങ്ങി. ട്രാക്കിലൂടെ ഓടിവരുന്ന ആളിനെ കണ്ട ഡ്രൈവർ വണ്ടി നിറുത്തി. ഇരുപത് മിനിറ്റ് വൈകിയാണ് ട്രെയിൻ പിന്നീട് ഓടിയത് എന്നാൽ അനേകരുടെ ജീവൻ രക്ഷപെടുത്തി എന്നതായിരുന്നു സുവാർത്ത. ആത്മഭാരമുള്ളവർക്കേ മറ്റുള്ളവരെ രക്ഷപ്പെടുത്തുവാൻ കഴിയുകയുള്ളൂ. ഈ ആത്മഭാരം നമ്മിലുണ്ടോ? മരണത്തിൽ നിന്ന് ജീവങ്കലേക്ക് കൊണ്ടുവരുവാൻ ഉള്ളവർ അനേകർ നമുക്കു ചുറ്റും ഉണ്ട്. കണ്ടിട്ടും അറിഞ്ഞില്ല എന്ന് നാം പറഞ്ഞാൽ സകലതും അറിയുന്നവനാണ് കർത്താവ് എന്ന കാര്യവും ഓർമ്മയിലുണ്ടാകണം. Read സദൃ :(24:11,12)

സർവ്വശക്തനായ ദൈവത്തിന് എല്ലാ രാഷ്ട്രങ്ങളെയും, അതിലെ നിവാസികളെയും ഭരിക്കുവാനും നിയന്ത്രക്കുവാനും സമ്പൂർണ്ണ അധികാരമുണ്ട്. യിരെ:18:1-11 വരെയുള്ള ഭാഗത്ത് യഹൂദാ പുരുഷന്മാരോടും യെരുശലേം നിവാസികളോടും വരുവാൻ പോകുന്ന അനർത്ഥത്തിൽ നിന്ന് ഒഴിവാകുവാൻ സകല ദുർമ്മാർഗ്ഗവും വിട്ടുതിരിഞ്ഞ് നടപ്പും പ്രവർത്തികളും നന്നാക്കുവാനുള്ള ആഹ്വാനം നൽകുവാൻ യിരെമ്യാവിനെ കുശവന്റെ പണിശാലയിലേക്കയച്ചു. കുശവന് കളിമണ്ണിന്മേലുള്ള സ്വാധീനം കാണുകമാത്രമല്ല, ദൈവം പഠിപ്പിക്കുന്നതും ശ്രദ്ധയോടെ കേൾക്കണം. (യിരെ :18:2) ഇത് ശ്രമകരമായ കാര്യം തന്നെയാണ്, ഇതുപോലെ മോശയെ വിടുന്നതിന് മുമ്പ് ഹോരേബിൽ വച്ചും, വിട്ടശേഷം മിസ്രേമിൽ വച്ചും പലപാഠങ്ങൾ പഠിപ്പിച്ച് ശക്തിപ്പെടുത്തി ദൈവം തന്നെ ഉപയോഗിക്കും. യെശ (64:8) ൽ നിന്നും പിതാവാം ദൈവം നമ്മെ മനയുന്നവനും നാം അവന്റെ കയ്യിലെ കളിമണ്ണും ആണെന്ന് കാണുന്നു. Look യിരെ (18:6). കുശവൻ വിചാരിച്ചതു പോലെ ശരിയാകാത്ത പാത്രങ്ങളെ, വ്യത്യസ്ത പാത്രങ്ങളാക്കി മാറ്റുന്നു.

ഇവിടെ നാം അറിഞ്ഞിരിക്കേണ്ട ഒന്നാമത്തെ കാര്യം രൂപപ്പെടുത്തുന്നവനോട് നാം വിധേയത്വം കാട്ടണം എന്നുള്ളതാണ്. അത് കുശവന്റെ പ്രവർത്തിയുടെ വിജയമാണ്, മറുതലിപ്പ് നടന്നാൽ അവന്റെ ഉദ്ദേശം മാറി മറ്റൊരു പാത്രമായിത്തീരും. അത് ചിലപ്പോൾ ഹീന കാര്യത്തിന് ഉപയോഗിക്കുന്നതുമാകാം. ഒരു ജനതയെ തിരഞ്ഞെടുത്ത് നിലനിർത്തുമെന്ന് തീരുമാനിച്ചശേഷം ദോഷത്തിലേക്ക് തിരിഞ്ഞാൽ ദൈവം അതിനെ നശിപ്പിക്കുമെന്നും, നശിപ്പിക്കുമെന്ന് പറഞ്ഞത് നന്മയിലേക്കു തിരിഞ്ഞാൽ രക്ഷിക്കുമെന്നും ഉള്ളകാര്യം ജനത്തെ

അറിയിക്കുവാൻ യിരെമ്യാവിനെ ഏല്പിക്കുന്നു യിരെ: (18:7-10). മറ്റൊരു ഉദാഹരണം യോന (1:2) (3:5 -10) പഠിപ്പിച്ച പാഠങ്ങൾ പഠിച്ചവരോടു മാത്രമേ പോയി പറയുക എന്ന് നിർദ്ദേശിക്കാറുള്ളൂ. (യിരെ :18:11) ശിക്ഷാവിധി പ്രഖ്യാപിക്കുന്ന (അനർത്ഥം വരുത്തുമെന്ന്) ദൂതുമായി യിരെമ്യാവ് അനുസരണയോടെ പുറപ്പെട്ടു.

അനർത്ഥത്തിന് ഇരകളാകാതെ കുശവന്റെ കയ്യിലെ അനുസരണമുള്ള കളിമണ്ണായി മാനപാത്രമാകുവാൻ വചനത്തോട് പറ്റിയിരുന്ന് ആത്മാവിന്റെ ശക്തിയിൽ നിറയുവാൻ ദൈവം സഹായിക്കട്ടെ.

Santhamma Varghese
*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind